# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5657 29/07/2015-ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ: | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ജനപ്രതിനിധികളുമായി കൂടിയാലോചനയ്ക്കു ശേഷമാണോ തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) എങ്കിൽ ഏതൊക്കെ പ്രവർത്തികൾക്കായി ഏതെല്ലാം ജനപ്രതിനിധികളുമായാണ് കൂടിയാലോചന നടത്തിയതെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും തീരദേശ വികസന കോർപ്പറേഷൻ സംയോജിത മൽസ്യഗ്രാമം പദ്ധതി, നബാർഡ് ധനസഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി, സമഗ്ര തീരദേശ വികസന പദ്ധതി മുതലായവയിലൂടെ കേരളത്തിലെ മത്സ്യഗ്രാമങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കുടിവെള്ളം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക അടിസ്ഥാനസൗകര്യ വികസനം, മത്സ്യമേഖലാ അടിസ്ഥാനസൗകര്യ വികസനം, എന്നീ മേഖലകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിനായി പ്രധാനമായും ഹൈദരാബാദ് ആസ്ഥാനമായ നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് -ന്റെ പഠന റിപ്പോർട്ടാണ് ആധാരമാക്കിയിട്ടുള്ളത്. ഓരോ പദ്ധതികളും ഭരണാനുമതിക്ക് സമർപ്പിക്കുന്നതിന് മുന്നോടിയായി തീരദേശ വികസന കോർപ്പറേഷന്റെ ഫീൽഡ്തല ഉദ്യോഗസ്ഥർ പ്രസ്തുത പ്രദേശത്തെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട പഞ്ചായത്ത്, വിവിധതലങ്ങളിലെ ജനപ്രതിനിധികളുടേയും കമ്മ്യൂണിറ്റി ഓർഗനൈസേഷൻ പ്രതിനിധികളുടേയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും അഭിപ്രായങ്ങൾ സ്വീകരിച്ച് അനിവാര്യമാകുന്ന മാറ്റങ്ങൾ വരുത്തിയാണ് ഓരോ പദ്ധതികളും സമർപ്പിക്കുന്നത്. കൂടാതെ ഓരോ പദ്ധതിയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന അധികൃതരുടെ അനുമതിയോടെയും ഭാവി നടത്തിപ്പും പരിപാലനവും തദ്ദേശ സ്വയംഭരണ സ്ഥാപനം നിർവ്വഹിക്കുമെന്നുള്ള കൗൺസിൽ തീരുമാനം ലഭ്യമാക്കിയതിനുശേഷവുമാണ് നടപ്പിലാക്കുന്നത്. |
| (സി) സ്ഥലം എം.എൽ.എ.യുമായി ഈ വിഷയത്തിൽ കൂടിയാലോചന നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (സി) സ്ഥലം എം.എൽ.എ. യുമായി ഈ വിഷയത്തിൽ കൂടിയാലോചന നടത്തിയിരുന്നുവെങ്കിലും അനൗദ്യോഗിക യോഗമായിരുന്നതിനാൽ മിനിട്ട് ചെയ്ത് സൂക്ഷിച്ചിട്ടില്ല. |

**സെക്ഷൻ ആഫീസർ**